I/43313/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**KEAM -2023**

**കേരള മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസരം**

2023-24 അധ്യയന വർഷം കേരളത്തിലെ സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലെ സ്റ്റേറ്റ് ക്വോട്ട സീറ്റുകളിലെയും, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വോട്ട/ മൈനോരിറ്റി ക്വോട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും ജനനസ്ഥലം പരിഗണിക്കാതെയുള്ള മെഡിക്കൽ അലോട്ട്മെന്റിനായി നീക്കി വച്ചിരിക്കുന്ന സീറ്റുകളിലെയും പ്രവേശനം NTA ലഭ്യമാക്കിയിട്ടുള്ള 'നാഷണൽ എലിജിബിറ്റി-കം-എൻട്രൻസ് ടെസ്റ്റ്' (NEET-UG)-2023 സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസിലിംഗ് വഴിയായിരിക്കും നടത്തുന്നത്. കൂടാതെ ആയുർവേദം [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS],യുനാനി [BUMS] എന്നീ മെഡിക്കൽ കോഴ്സുകളിലേയും, അഗ്രികൾച്ചർ [BSC (Hons) Agri], ഫോറസ്ട്രി [BSC (Hons) Forestry], വെറ്ററിനറി [BVSc &AH], ഫിഷറീസ് [BFSc], BSC (Hons) Co-operation & Banking, B.Sc (Hons. Climate Change & Environment Science, B.Tech Biotechnology (under KAU) എന്നീ അനുബന്ധ കോഴ്സുകളിലെയും പ്രവേശനം നീറ്റ് (യു.ജി)-2023 സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും. **കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവ്വേദം, ഹോമിയോപ്പതി സിദ്ധ, യുനാനി, എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും അഗ്രികൾച്ചർ, ഫോറസ്ട്രി, BSC (Hons) Co-operation & Banking, B.Sc (Hons. Climate Change & Environment Science, B.Tech Biotechnology (under KAU), വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേക്കും പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികൾ അവരവരുടെ NEET UG-2023 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.**

സംസ്ഥാനത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് KEAM -2023-ലൂടെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുയും, NTA നടത്തിയ നീറ്റ് (യു.ജി)-2023 പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ നീറ്റ് (യു.ജി)-2023 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിന് 2023 ജൂലൈ 1 മുതൽ ജൂലൈ 7 വൈകുന്നേരം 4 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്.

I/43313/2023

**<u>നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത അപേക്ഷകരെ 2023 - ലെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല.</u>** തപാൽ വഴിയോ നേരിട്ടോ സമർപ്പിക്കുന്ന രേഖകളോ അപേക്ഷകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ പ്രോസ്പെക്ടസും വിശദമായ വിജ്ഞാപനവും കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
30-06-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 30-06-2023 18:31:07